പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3774 — 20.10.2016-ൽ മറുപടിക്ക്

# നെൽവയൽ -തണ്ണീർത്തട നിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ; | (എ) | നെൽവയൽ/തണ്ണീർതടത്തിന്റെ സംരക്ഷണത്തിനായി സംസ്ഥാനത്ത് നിലവിലുള്ള 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാവർത്തികമാക്കുകയും, ഭൂവിനിയോഗ നിയന്ത്രണങ്ങളിലെ ഇളവ് പ്രസ്തുത നിയമപ്രകാരമായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി നിയമ പ്രകാരം ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്നു. |
| (ബി) | ഡേറ്റ ബാങ്കിന്റെ കൃത്യമായ വിവരം ലഭ്യമാക്കുമോ; | (ബി) | കേരളത്തിലെ 941 പഞ്ചായത്തുകളിൽ 328 പഞ്ചായത്തുകളിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ച് കഴിഞ്ഞിട്ടുണ്ടെന്നും 570 പഞ്ചായത്തുകളിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ടെന്നും, ബാക്കിയുള്ള 22 പഞ്ചായത്തുകളിൽ ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തി വരുന്നു. ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ആവശ്യമായ ഫീൽഡ് പരിശോധന നടത്തി കുറ്റമറ്റ ഡാറ്റാബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് കൃഷി വകുപ്പ് , തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കമ്മിറ്റികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | (സി) | ആക്റ്റിലെ സെക്ഷൻ 5 പ്രകാരം കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതികളും സെക്ഷൻ 9 പ്രകാരം ആർ.ഡി.ഒ അദ്ധ്യക്ഷനാ പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറുമായി ജില്ലാതല അധികൃത സമിതികളും സെക്ഷൻ 8 പ്രകാരം കാർഷികോത്പാദന കമ്മീഷണർ കൺവീനറായി സംസ്ഥാനതല സമിതിയും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പ്രാദേശിക തല നിരീക്ഷണ സമിതിയിൽ കൃഷി ഓഫീസറെ കൂടാതെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർ പേഴ്സൺ/മേയർ ചെയർമാനും ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/ആഫീസർമാർ, പ്രദേശത്തെ നെൽക്കൃഷിക്കാരുടെ മൂന്ന് പ്രതിനിധികൾ എന്നിവർ അംഗങ്ങളുമാണ്. ജില്ലാതല അധികൃത സമിതിയിൽ ആർ.ഡി.ഒ, പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവരെ കൂടാതെ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് നെൽകർഷകർ അംഗങ്ങളാണ്. സംസ്ഥാനതല സമിതിയിൽ ലാൻഡ് റവന്യൂ കമ്മീഷണർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പരിസ്ഥിതി മേഖലയിലെ ഒരു വിദഗ്ധൻ, നെൽകൃഷി മേഖലയിലെ ഒരു ശാസ്ത്രജ്ഞൻ എന്നിവർ അംഗങ്ങളാണ്. |
| (ഡി) | കേരളത്തിലെ വില്ലേജുകളിലും റവന്യൂ ഓഫീസു കളിലും കൃഷി ഓഫീസുകളിലും ഇതു സംബന്ധിച്ച് ചെയ്ത നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (ഡി) | നിയമത്തിലെ സെക്ഷൻ 5 പ്രകാരവും ചട്ടങ്ങളിലെ റൂൾ 4 പ്രകാരവും കരട്/അന്തിമ ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുള്ളതും ആയതിനടിസ്ഥാന മാക്കി നിയമത്തിലെ വകുപ്പ് |

| | | | |
|---|---|---|---|
| | | | 7,12,13,19,20,21,22 എന്നിവ പ്രകാരമുള്ള നിയമാനുസൃത നടപടികളാണ് റവന്യൂ ഓഫീസുകളിലും കൃഷി ഓഫീസുകളിലും സ്വീകരിച്ചു വരുന്നത്. |
| (ഇ) | സംസ്ഥാനതല കമ്മിറ്റി എപ്പോഴാണ് കൂടുന്നതെന്ന് വിശദമാക്കുമോ? | (ഇ) | ജില്ലാ തല സമിതിയുടെ ശുപാർശകൾ പരിശോധിക്കേണ്ട സാഹചര്യങ്ങളിൽ സംസ്ഥാന തല സമിതി യോഗം ചേരുന്നതാണ്. |

സെക്ഷൻ ഓഫീസർ